SET:2

# INDIAN SCHOOL SOHAR
## PERIODIC TEST- I (2017-18)
## MALAYALAM

No. of printed pages:1

**DATE:18-5-17** **MARKS: 20**
**STD:IX** **TIME: 40 Minutes**

**1.താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

മുട്ടയിടുന്ന കാലത്തിനു തൊട്ടുമുമ്പായി പക്ഷികൾ കൂടുണ്ടാക്കുന്നു. ചില പക്ഷികളുടെ കൂടുകൾ ഉയരമുള്ള വൃക്ഷങ്ങളുടെ മുകളിലും, ചിലവയുടേത് മരക്കാലുകളിലും, മറ്റു ചിലവയുടേത് തറയിൽ പുല്ലുകൊണ്ടു മൂടിയുമായിരിക്കും കാണപ്പെടുന്നത്. ചിലപ്പോൾ മൂലകളും ദ്വാരങ്ങളും പക്ഷിക്കൂടുകളാകാറുണ്ട്. ടെയ്‌ലർ പക്ഷി നൂല്, കമ്പിളിനൂല് ഇവ ഉപയോഗിച്ച് കൊക്കുകൊണ്ട് രണ്ടുമൂന്നിലകൾ കൂട്ടിച്ചേർക്കുന്നു. വീവർ പക്ഷിയുടെ കൂട് വൃക്ഷശാഖയിൽ നിന്നു തൂങ്ങിക്കിടക്കുന്ന രീതിയിലാണ് ഉണ്ടാക്കുന്നത്.എന്നാൽ കുയിലിന് സ്വന്തമായി കൂടുണ്ടാക്കാൻ വലിയ മടിയാണ്. അവ സൂത്രത്തിൽ കാക്കയുടെ കൂട്ടിൽ കയറി മുട്ടയിടുന്നു. ചുള്ളിക്കമ്പുകൾ, ഉണങ്ങിയ ഇലകൾ, നാരുകൾ, തൂവലുകൾ, കല്ലുകൾ ഇങ്ങനെ പല വസ്തുക്കളും കൂടുണ്ടാക്കുന്നതിനു ഉപയോഗിക്കുന്നു. കുഞ്ഞുങ്ങളെ വളർത്തി , അവ കൂടുവിട്ടുകഴിയുമ്പോൾ അവയുടെ മാതാപിതാക്കളും കൂടുവിട്ടുപോകുന്നു. മുട്ടയിടുന്നതിനുള്ള കാലമാകുമ്പോൾ പുതിയ കൂടുകൾ വീണ്ടും നിർമ്മിക്കുന്നു.

a) മരത്തിന്റെ ശാഖയിൽ തൂങ്ങിക്കിടക്കുന്ന രീതിയിലുള്ള കൂടുണ്ടാക്കുന്ന പക്ഷി ? (1)
b) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക. (1)
c) പക്ഷികൾ എന്തെല്ലാമുപയോഗിച്ചാണ് കൂടുണ്ടാക്കുന്നത്? (1)
d) പക്ഷിക്കുഞ്ഞുങ്ങൾ കൂടുവിടുമ്പോൾ അവയുടെ മാതാപിതാക്കൾ എന്ത് ചെയ്യും? (1)

**2.ആശയം വിശദീകരിക്കുക.** (3)

a) ‘പരോപകാരമേ പുണ്യം
പാപമേ പരപീഡനം’

**3.ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക.** (3)

a) ഉഡുപംക്തി എന്ന പദത്തിന്റെ അർത്ഥം ? (സൂര്യൻ, നക്ഷത്രക്കൂട്ടം, കടൽ )
b) വ്യഥ – പര്യായപദങ്ങളേത്? (ഗാത്രം, ക്ലേശം ശരീരം, ആതങ്കം)
c) ഉള്ളൂരിന്റെ മഹാകാവ്യം ഏത്? (ഉമാകേരളം, എണ്ണപ്പാടം, ആദ്യത്തെ മരണം)

**4.വാക്യത്തിലെ തെറ്റ് തിരുത്തുക.** (1)

കുട്ടികൾ ദിവസവും കുറഞ്ഞത് എട്ട് മണിക്കൂറെങ്കിലും ഉറങ്ങണം.

**5.പ്രയോഗം മാറ്റുക.** (1)

അയാൾ കാർ പുറത്തേക്കെടുത്തു..

**6.ഉത്തരമെഴുതുക.**

a) നദി സിദ്ധാർഥന് പകർന്നുനൽകിയ അറിവുകൾ എന്തെല്ലാം? (2)
b) “അതായിരിക്കാം പൊരുളാപ്രവൃത്തി:
ക്കജൻ ഹിതം മർത്ത്യനറിഞ്ഞുചെയ്‌വോൻ”.
മർത്ത്യന്റെ ഹിതം അറിഞ്ഞ് ദൈവം ചെയ്തത് എന്ത് ?. (2)
c) ബിലേയുടെ ഉറക്കത്തിന്റെ സവിശേഷതയെന്ത്?. (2)
d) മഹാകുസൃതിക്കാരനായിരുന്നു ബിലേ– വിവരിക്കുക (2)